ॐ



നതദ്വാക്യം ജഗൃഹതുർബ്ബദ്ധവൈരൌ നൃപാർത്ഥവത്
അനുസ്മരന്താവന്യോന്യം ദുരുക്തം ദുഷ്കൃതാ നിച **(10-79-28)**
ദിഷ്ടം തദനുമന്വാനോ രാമോ ദ്വാരവതീം യയൌ
ഉഗ്രസേനാദിഭി: പ്രീതൈർജ്ഞാതിഭി: സമുപാഗത: **(10-79-29)**

*ശുകമുനി തുടർന്നു:*
അതു കഴിഞ്ഞുള്ള പൌർണ്ണമിയിൽ മാമുനിമാരുടെ യാഗശാലയിൽ ബല്വലൻെറ കുസൃതികൾ വീണ്ടും കാണായി. എല്ലാത്തരത്തിലുമുള്ള മാലിന്യങ്ങൾ ഹോമകുണ്ഡത്തെ അശുദ്ധമാക്കി. ഭീമാകാരനായ ഒരു രാക്ഷസൻ ആകാശത്തു പ്രത്യക്ഷപ്പെട്ടു. ബലരാമൻ ആ പറക്കും ഭീമാകാരനെ താഴെയിറക്കി. തൻെറ കലപ്പകൊണ്ട് അവനെ ആകാശത്തുനിന്നും താഴെ വീഴ്ത്തി മുസലം (ഉലക്ക)കൊണ്ട് അവനെയിടിച്ച് കഥ കഴിച്ചു. ദേവൻമാരും മാമുനിമാരും ബലരാമനെ അനുഗ്രഹിച്ചു.

ബലരാമൻ ഉടനേ തന്നെ പ്രായശ്ചിത്തതീർത്ഥാടനത്തിനു പുറപ്പെട്ടു. അദ്ദേഹം പ്രയാഗയിലേക്ക് പോയി. പുലസ്തൻെറ ആശ്രമത്തിൽ പോയി. ഗോമതി, ഗണ്ഡകി, വിപാശം, ശോണം എന്നീ നദികളിൽ മുങ്ങി. ഗയയിൽ പോയി പിതൃക്കൾക്ക് തർപ്പണം നടത്തി. ഗംഗയും സമുദ്രവും സംഗമിക്കുന്നയിടത്തും മഹേന്ദ്രപർവ്വതത്തിലും പോയി. അവിടെ പരശുരാമനെ ദർശിച്ചു. ഗോദാവരിയിലും, വേനത്തിലും, ഭീമരഥീ നദികളിലും പമ്പാതടാകത്തിലും മുങ്ങിക്കുളിച്ചു. കാർത്തികേയനെ പൂജിച്ച ശേഷം പരമശിവൻെറ ആസ്ഥാനമായ ശ്രീശൈലത്തു പോയി. ദ്രാവിഡപ്രവിശ്യയിലെ അതിപാവനമായ വെങ്കിടപർവ്വതത്തിലും, കാഞ്ചി, കാവേരി എന്നിവിടങ്ങളിലും ബലരാമൻ ദർശനം നടത്തി. ഹരി നിവസിക്കുന്ന ശ്രീരംഗത്തും, ഋഷഭപർവ്വതത്തിലും മധുരയിലും പാപമൊഴുക്കിക്കളയാൻ പര്യാപ്തമായ രാമേശ്വരത്തും ദർശനം നടത്തി. കൃതമാല, താമരപർണി എന്നീ നദികളിൽ കുളിച്ച് മലയപർവ്വതത്തിൽ പോയി അഗസ്ത്യമുനിയെ ദർശിച്ചു. എന്നിട്ട് കന്യാകുമാരി, ഫൽഗുനതീർത്ഥം, പഞ്ചാപ്സരസ്സ് എന്നിവിടങ്ങളിലും കേരളനാട്ടിലും, തൃഗർത്തത്തിലും സഞ്ചരിച്ച് ബലരാമൻ ഗോകർണ്ണത്തും ശൂരപാർക്കത്തും പോയി. തപ്തി, പയോശ്നി, നിർവിന്ധ്യ നദികളിൽ സ്നാനം ചെയ്ത് അദ്ദേഹം ദണ്ഡകാരണ്യം പൂകി. നർമ്മദയിലും മനുതീർത്ഥത്തിലും മുങ്ങി. അവിടെനിന്ന് അദ്ദേഹം പ്രഭാസത്തിലേക്കു മടങ്ങവേ പാണ്ഡവൻമാരും കൗരവൻമാരും തമ്മിൽ ഉഗ്രയുദ്ധം നടക്കുന്നു എന്നറിഞ്ഞു.

ഭീമനും ദുര്യോധനനും തമ്മിൽ നടന്ന അവസാനയുദ്ധത്തിൻെറയന്ന് ബലരാമൻ കുരുക്ഷേത്രത്തിൽ ചെന്ന് ഈ ദ്വന്ദയുദ്ധത്തിൽ നിന്ന് പിൻമാറാൻ അവരെ ഉപദേശിച്ചു. എന്നാൽ പരസ്പരം രണ്ടാളും ചെയ്തിട്ടുള്ള അക്രമങ്ങളും അധിക്ഷേപങ്ങളും ഓർമ്മിച്ച് യുദ്ധത്തിൽ നിന്നു പിൻമാറാൻ അവർ തയ്യാറായില്ല. യുദ്ധം ചെയ്യൽ അവരുടെ വിധിവിഹിതമാണെന്ന് കരുതി ബലരാമൻ അവിടം വിട്ട് ദ്വാരകയിലേക്ക് മടങ്ങി.

ബലരാമൻ നൈമിഷാരണ്യത്തിൽ ചെന്നപ്പോൾ മാമുനിമാർ അദ്ദേഹത്തെ സ്വാഗതം ചെയ്തു. അവർ അദ്ദേഹത്തിന് ആത്മവിദ്യ നൽകി അനുഗ്രഹിച്ചു. എല്ലാറ്റിൻെറയും സർവ്വചരാചരങ്ങളുടെയും നിലനിൽപ്പിലുള്ള ഏകത്വം അവർ സ്വയം സാക്ഷാത്കരിച്ചു. പരീക്ഷിത്തേ, ബലരാമൻ ആ പരംപൊരുൾ തന്നെയാണ്. അദ്ദേഹത്തിൻെറ മഹിമയോ വർണ്ണനാതീതം. ബലരാമൻെറ മഹിമയേറിയ ചെയ്തികളെ ധ്യാനിക്കുന്നവർക്ക് ഭഗവാനിൽ അതീവഭക്തിയുണ്ടാവുന്നതാണ്.